# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2926

15/12/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## റിസോഴ്സ് അദ്ധ്യാപകരുടെ ജോലി സ്ഥിരതയും വേതനവും

| ചോദ്യം<br>ശ്രീ ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക സേവനം നൽകിവരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ ജോലി സ്ഥിരതയും വേതനവും ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) | പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകർ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒരു നിശ്ചിത കാലയളവിനു ശേഷം നിർത്തൽ ചെയ്യപ്പെടുന്നവയാണ്. ആയതിനാൽ കേന്ദ്രാവിഷ്കൃത പ്രോജക്ടായ ആർ.എം.എസ്.എ/ എസ്.എസ്.എ പദ്ധതിയിൻ കീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തു വാൻ സാധിക്കുകയില്ല. ആർ.എം.എസ്.എ / എസ്.എസ്.എ യുടെ വാർഷിക പദ്ധതിയിൽ റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പള ഇനത്തിൽ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം അനുവദിക്കുന്ന തുക വേതനമായി അനുവദിച്ചുവരുന്നു. |
| ബി) | 15 വർഷമായി ജോലി ചെയ്തു വരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ ജോലി സ്ഥിരതയും ഭിന്നശേഷിക്കാരായ കുട്ടികളുടെ അവകാശ സംരക്ഷണവും ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ബി) | ആർ.എം.എസ്.എ, എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ രണ്ടായിരത്തിലധികം റിസോഴ്സ് അദ്ധ്യാപകരാണ് നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടി അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണമെന്ന് റിസോഴ്സ് അദ്ധ്യാപർ നിവേദനങ്ങളിലൂടെ ആവശ്യപ്പെടുന്നുണ്ട്. ഐ.ഇ.ഡി / ഐ.ഇ.ഡി.എസ്.എസ് പദ്ധതി കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പരിഷ്ക്കരിച്ച് വരുന്നു. അതുകൊണ്ടുതന്നെ ടി അദ്ധ്യാപകരെ സ്ഥിരപ്പെടുത്തു വാൻ സാധിക്കുകയില്ല. ഭിന്നശേഷിയുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ